**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5366** **15-03-2023 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ എന്നിവ ലഭ്യമാക്കുമോ; | (എ) | 1. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, തിരുവനന്തപുരം<br>4th നില, എ ബ്ലോക്ക്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം<br>ഫോൺ-0471- 2732648<br>ഇ മെയിൽ ഐ.ഡി - dscotvpm1@gmail.com<br>2. സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി, പാറോട്ടുകോണം<br>പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റ്,<br>സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി,<br>പാറോട്ടുകോണം, തിരുവനന്തപുരം - 15<br>ഫോൺ-0471 2541776<br>ഇ മെയിൽ ഐ.ഡി - psccsal@gmail.com<br>**മേൽപ്പറഞ്ഞ ഓഫീസുകളിലെ ജീവനക്കാർക്ക് ഔദ്യോഗിക മൊബൈൽ നമ്പർ ഇല്ല.** |
| (ബി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ; | (ബി) | മറുപടി അനുബന്ധം I - ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ കരാർ/താൽക്കാലിക/ ദിവസവേതന/അന്യത്രസേവന വ്യസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (സി) | തിരുവനന്തപുരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, പാറോട്ട്കോണം സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി എന്നീ ഓഫീസുകളിൽ കരാർ/താൽക്കാലികം/ദിവസവേതനം/അന്യത്ര സേവനം- വ്യവസ്ഥയിൽ നിലവിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. |
| (ഡി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന | (ഡി) | മറുപടി അനുബന്ധം II - ആയി ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | സേവനങ്ങൾ എന്തെല്ലാമെന്നും അതിനാവശ്യമായ മുൻഉപാധികൾ/രേഖകൾ ഏതൊക്കെയെന്നും അറിയിക്കുമോ; പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം -I

1. **ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, തിരുവനന്തപുരം**

| ക്രമ നം | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകൾ(എണ്ണം) | | | |
|---|---|---|---|---|---|
| | | താത്കാലികം | സ്ഥിരം | നികത്തിയത് | ഒഴിവ് |
| 1 | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | | 1 | 1 | 0 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | | 1 | 1 | 0 |
| 3 | ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | | 1 | 1 | 0 |
| 4 | ഹെഡ് ക്ലാർക്ക് | | 1 | 1 | 0 |
| 5 | സീനിയർ ക്ലാർക്ക് (ഹയർ ഗ്രേഡ്) | | 1 | 1 | 0 |
| 6 | സീനിയർ ക്ലാർക്ക് | | 1 | 1 | 0 |
| 7 | ക്ലാർക്ക് | | 2 | 2 | 0 |
| 8 | എൽ.ഡി.ടൈപ്പിസ്റ്റ് | | 1 | 1 | 0 |
| 9 | ട്രേസർ | | 1 | | 1 |
| 10 | ഡ്രൈവർ സീനിയർ ഗ്രേഡ് | | 1 | 1 | 0 |
| 11 | ഓഫീസ് അറ്റൻഡന്റ് | | 2 | 2 | 0 |
| 12 | പാർട്ട് ടൈം സ്വീപ്പർ | | 1 | 1 | 0 |
| | **ആകെ** | | **14** | **13** | **1** |

2. **സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി, പാറോട്ടുകോണം**

| ക്രമ നം | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകൾ(എണ്ണം) | | | |
|---|---|---|---|---|---|
| | | താത്കാലികം | സ്ഥിരം | നികത്തിയത് | ഒഴിവ് |
| 1 | പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റ് | | 1 | 0 | 1 |
| 2 | അസിസ്റ്റന്റ് ഡയറക്ടർ | | 1 | 1 | 0 |
| 3 | റിസർച്ച് അസിസ്റ്റന്റ് | | 4 | 3 | 1 |
| 4 | ഡ്രാഫ്റ്റ്സ്മാൻ | | 1 | 1 | 0 |
| 5 | ലാബ് അസിസ്റ്റന്റ് | | 1 | 1 | 0 |

| | | | | | |
|---|---|---|---|---|---|
| 6 | ക്ലാർക്ക് | | 1 | 1 | 0 |
| 7 | ഫീൽഡ് അസിസ്റ്റന്റ് | | 2 | 2 | 0 |
| 8 | ടൈപ്പിസ്റ്റ് | | 1 | 1 | 0 |
| 9 | ലാബ് അറ്റൻഡർ | | 1 | 0 | 1 |
| 10 | ലസ്കർ | | 4 | 3 | 1 |
| 11 | ഓഫീസ് അറ്റൻഡന്റ് | | 1 | 1 | 0 |
| 12 | പാർട്ട് ടൈം സ്വീപ്പർ | | 1 | 1 | 0 |
| 13 | കാഷ്വൽ സ്വീപ്പർ | 1 | | 0 | 1 |
| | **ആകെ** | **1** | **19** | **15** | **5** |

** NWDPRA പദ്ധതിയിലുള്ള തസ്തികകൾക്ക് 2015 ന്റെ ശേഷം തുടർച്ചാനുമതി ലഭിച്ചിട്ടില്ല. NWDPRA അനുവദിച്ചിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലും, ക്ലർക്ക് തസ്തികയിലും ജീവനക്കാർ തുടരുന്നു. എന്നാൽ വകുപ്പിന് ആകെ അനുവദിച്ചിട്ടുള്ള AE, ക്ലാർക്ക് തസ്തികകളെക്കാൾ കൂടുതൽ ജീവനക്കാർ അധികരിയ്ക്കാൻ പാടില്ലാത്തതിനാൽ ഈ തസ്തികയിൽ നിയമനം നൽകാൻ സാധിക്കുകയില്ല.

## അനുബന്ധം -II

### 1. **ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, തിരുവനന്തപുരം**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന RIDF നീർത്തടപദ്ധതികൾ, ജില്ലാ പഞ്ചായത്ത് പദ്ധതികൾ എന്നിവ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന നടപ്പിലാക്കുന്നു. ജില്ലാ ഓഫീസിന് കീഴിൽ പ്രവർത്തിയ്ക്കുന്ന നെയ്യാറ്റിൻകര മണ്ണ് സംരക്ഷണ ഓഫീസ്, കിളിമാനൂർ മണ്ണ് സംരക്ഷണ ഓഫീസ് എന്നിവ മുഖേനയാണ് മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നത്. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ചിട്ടുള്ള വാട്ടർ ഷെഡുകളിലെ ഗുണഭോക്താക്കൾ പ്രസ്തുത ഓഫീസുകളിൽ നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കുകയും(കരമടച്ച രസീതിന്റെ പകർപ്പുൾപ്പെടെ) അതിൻപ്രകാരം ഫീൽഡ് സന്ദർശിച്ച് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനങ്ങൾ ഗുണഭോക്തൃകമ്മിറ്റി മുഖേന നടപ്പിലാക്കുകയും ചെയ്യുന്നു. അപേക്ഷ ലഭിച്ച് 7 ദിവസത്തിനകം തുടർനടപടികൾ സ്വീകരിക്കുന്നു. ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് മുഖേന തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക ഉപദേശവും ദുരന്ത നിവാരണ വകുപ്പ് മുഖേന ഡെപ്യൂട്ടി കളക്ടർ ചുമതലപ്പെടുത്തുന്ന ദുരന്ത ബാധിത സ്ഥലം സന്ദർശിച്ച് ആയതുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശവും ഈ ഓഫീസ് മുഖേന നൽകുന്നു

### 2. **സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി, പാറോട്ടുകോണം**

ഈ കാര്യാലയത്തിൽ താഴെ സൂചിപ്പിയ്ക്കുന്ന വിവിധ രാസ ഭൗതിക പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്.

1. മണ്ണിന്റെ PH/അമ്ലത
2.ഇലക്ട്രിക്കൽ കണക്ടിവിറ്റി/ലവണത്വം
3.പ്രഥമ/ദ്വിതീയ/സൂക്ഷ്മ മൂലകങ്ങളുടെ അളവ്
4.മണ്ണിലെ സൂക്ഷ്മ ജീവികളുടെ എണ്ണം
5.മണ്ണിന്റെ texture, ബൾക്ക് ഡെൻസിറ്റി, ജലാഗിരണ ശേഷി(Water Holding Capacity)
6.Exchangeable bases.
7.Cation Exchange Capacity
8. Exchangeable Acidity
9.Extractable Acidity
10.Base Saturation
11.Soil moisture %
12.ഘനലോഹങ്ങളുടെ മണ്ണിലെ അളവ്

കർഷകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അവർ ആവശ്യപ്പെടുന്ന മണ്ണിന്റെ വിവധ തരത്തിലുള്ള രാസ ഭൗതിക പരിശോധനകൾ നടത്തി പരിശോധനാ ഫലങ്ങളും അപഗ്രഥന റിപ്പോർട്ടുകളും നൽകി വരുന്നു. കർഷകർക്ക് വളപ്രയോഗ ശിപാർശകൾ ഉൾപ്പെടെയാണ് പരിശോധനാ റിപ്പോർട്ടുകൾ നൽകി വരുന്നത്. വകുപ്പ് മുഖേന കർഷകരിൽ നിന്നും ശേഖരിയ്ക്കുന്ന മണ്ണ് സാമ്പിളുകളുടെ പരിശോധനയ്ക്കായി പ്രത്യേക ഫീസ് ഈടാക്കുന്നില്ല. എന്നാൽ പൊതുജനങ്ങളിൽ നിന്നും കർഷകരിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ലഭിയ്ക്കുന്ന സാമ്പിളുകൾ ഗവൺമെന്റ് അംഗീകരിച്ച റേറ്റ് ഈടാക്കി പരിശോധിച്ചു നൽകി വരുന്നു. ഇതിനായി പ്രത്യേക രേഖകൾ ഒന്നും ഹാജരാക്കേണ്ടതില്ല. വിദ്യാർത്ഥികൾ സൗജന്യനിരക്കിൽ പരിശോധന ആവശ്യപ്പെടുന്ന പക്ഷം

സ്ഥാപന മേധാവിയുടെ/Head of the Department ന്റെ ശിപാർശ കത്ത് ഹാജരാക്കേണ്ടതാണ്. ലാബിൽ നേരിട്ട് ലഭിയ്ക്കുന്ന സാമ്പിളുകൾ പരിശോധനാ ഫീസ് ഒടുക്കി 14 ദിവസത്തിനകം പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ഉപയോക്താക്കൾക്ക് നൽകി വരുന്നു.

സെൻട്രൽ സോയിൽ അനലറ്റിക്കൽ ലബോറട്ടറിയുടെ ഒന്നും രണ്ടും നിലകളിലായി സംസ്ഥാനത്തെ ഏറ്റവും വലിയ സോയിൽ മ്യൂസിയം പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിനങ്ങൾ അവ പ്രകൃതിയിൽ നിലനിൽക്കുന്നത് പോലെ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഓരോ മണ്ണിന്റെയും മേന്മകളും പരിമിതികളും അതിന്റെ പരിപാലന മുറകളും സംബന്ധിച്ച് കർഷകർക്ക് അറിവ് പകർന്നു നൽകുന്ന തരത്തിലാണ് സോയിൽ മ്യൂസിയം സജ്ജീകരി ച്ചിരിക്കുന്നത്. പൊതുജനങ്ങൾക്കും കർഷകർക്കും വിദ്യാർത്ഥികൾക്കും എല്ലാ പ്രവൃത്തി ദിവസങ്ങളിലും സോയിൽ മ്യൂസിയം സന്ദർശിക്കാവുന്നതാണ്. ഗവൺമെന്റ് അംഗീകൃത നിരക്ക് സന്ദർശകരിൽ നിന്നും പ്രത്യേക ഫീസായി ഈടാക്കുന്നു. കൂടാതെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രകൃതി വിഭവ പരിപാലനം സംബന്ധിച്ച് വിവിധ പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.